# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4979** **04.07.2012 ൽ മറുപടിക്ക്**

## *ആസ്തി വികസന പദ്ധതി*

| | ചോദ്യം<br>ശ്രീ. കെ.വി. വിജയദാസ് | ഉത്തരം<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
|---|---|---|
| എ. | ആസ്തി വികസന ഫണ്ടിന്റെ ഒരു പ്രവൃത്തിയ്ക്ക് 1 കോടി രൂപ എന്നത് 50 ലക്ഷം എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | 12.06.2012–ലെ ജി.ഒ.(പി)നം.337/2012/ധന.. പ്രകാരം എം.എൽ.എ.മാർ ശുപാർശ ചെയ്യുന്ന പ്രത്യേക സന്ദർഭങ്ങളിൽ പ്രവൃത്തികളുടെ താഴ്ന്ന പരിധി 1 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപയാക്കി ഇളവ് നൽകാൻ ധനകാര്യ വകുപ്പിന് അധികാരമുണ്ടായിരിക്കും. വർഷത്തിൽ 5 കോടി രൂപ എന്ന ഉയർന്ന പരിധിയും വർഷത്തിൽ 5 പ്രവൃത്തികൾ എന്ന പരിധിയും ലംഘിക്കാൻ പാടില്ല എന്ന നിബന്ധനയ്ക്ക വിധേയമായാണ് ടി. ഇളവ് നൽകുന്നത്. |
| ബി. | കൂടുതൽ വികസന പ്രവർത്തനങ്ങൾ മണ്ഡലത്തിൽ നടത്തുന്നതിന് ഈ നിർദ്ദേശം സഹായിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ അനുഭാവപൂർവ്വം ഒരു പ്രവൃത്തിയ്ക്ക് 50 ലക്ഷം എന്നാക്കി മാറ്റുന്നതിന് സാങ്കേതിക തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | കൂടുതൽ മുതൽ മുടക്ക് ആവശ്യമുള്ള വലിയ പ്രോജക്റ്റുകൾ ഓരോ മണ്ഡലത്തിലും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള LAC-ADF വിനിയോഗിച്ചുള്ള എല്ലാ പ്രവൃത്തികളുടെയും താഴ്ന്ന പരിധി 50 ലക്ഷം രൂപയാക്കി, പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

അക്കൗണ്ട്സ് ഓഫീസർ